# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.169/PR/PIC/PHQ/14 Date : 09.07.2014

---

## അമിത പലിശ: 29 റെയ്ഡ്; ഒരു കേസ്

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ബുധനാഴ്ച (09-07-2014) 29 റെയ്ഡുകൾ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഒരു കേസ് രജിസ്റ്റർ ചെയ്തു. ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ നടന്ന 12154-ലേറെ റെയ്ഡുകളിലായി 940-പേർ പിടിയിലായി. 1936 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കർശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************